# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ.1985 | 25/03/2013 ൽ മറുപടിയ്ക്ക്

## ജയിലുകളിൽ നിന്ന് പൊതുവിപണിയിൽ എത്തിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ

ചോദ്യം | മറുപടി

ശ്രീ. എ. എ. അസീസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ ഏതൊക്കെ ജയിലുകളിലാണ് ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്ത് ജയിലിന് പുറത്ത് പൊതു ജനങ്ങൾക്കായി വിൽപ്പന നടത്തുന്നത്; | (എ) തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിലും കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ജയിലുകളിലും തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലും. |
| (ബി) ഏതൊക്കെ വിഭവങ്ങളാണ് വിൽപ്പന നടത്തുന്നത്; | (ബി) ചപ്പാത്തി, കോഴിക്കറി, ചില്ലി ചിക്കൻ, മുട്ടക്കറി, വെജിറ്റബിൾ കറി, തക്കാളിക്കറി, നേന്ത്രകായ് വറുത്തത്, ഇഡ്ഡലിയും സാമ്പാറും, ബിരിയാണി, പപ്പടം |
| (സി) ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്ത് വിൽപന നടത്തുന്നതിനുള്ള ലൈസൻസുകൾ ജയിലുകളിൽ നേടിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിലും കോഴിക്കോട്, കൊല്ലം, ജില്ലാ ജയിലുകളിലും ഫുഡ് സേഫ്റ്റി ലൈസൻസ് നേടിയിട്ടുണ്ട്. ശേഷിക്കുന്ന ജയിലുകളിൽ ലൈസൻസ് നേടാനുള്ള നടപടികൾ നടന്നു വരുന്നു. |

| | |
|---|---|
| (ഡി) വൃത്തിയുള്ള അന്തരീക്ഷത്തിലാണ് ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്ത് പായ്ക്ക് ചെയ്യുന്നതെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) ജയിൽ മെഡിക്കൽ ഓഫീസർ, ജയിലർ, ഡെപ്യൂട്ടി ജയിലർ എന്നിവർ എല്ലാ ദിവസവും വ്യത്യസ്ഥ സമയങ്ങളിൽ യൂണിറ്റ് പരിശോധിക്കുന്നു. കൂടാതെ ആരോഗ്യ വകുപ്പിൽ നിന്നും ഫുഡ് ഇൻസ്പെക്ടർമാർ യൂണിറ്റ് സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പ്രസ്തുത യൂണിറ്റിൽ പണിയെടുക്കുന്ന അന്തേവാസികൾ കൈയുറ, തൊപ്പി, കിച്ചൺ മാസ്ക്, ഏപ്രൺ എന്നിവ ധരിച്ചാണ് ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്യുന്നത്. വൃത്തിയും, രോഗബാധകളൊന്നുമില്ലാത്ത തടവുകാരാണ് പാചകം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ